നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി

*19 [77] ശ്രീ. രാജു എബ്രഹാം:

,, മത്തായി ചാക്കോ:

,, വി. ചെന്താമരാക്ഷൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരി, പഞ്ചസാര ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്ക് ക്രമാതീതമായി വില വർദ്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനും ന്യായമായ വിലയ്ക്ക് ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്നും അരിയുടെ വരവ് കുറഞ്ഞതും അരിയുടെ കയറ്റുമതി വർദ്ധിച്ചതും സംസ്ഥാനത്ത് അരി വില വർദ്ധിക്കുന്നതിനിടയാക്കിയതായി കരുതുന്നുണ്ടോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) പഞ്ചസാരയുടെ വിലയിൽ നേരിയ വില വർദ്ധനവുണ്ടായിയെന്നതൊഴിച്ച് അവശ്യവസ്തുക്കളുടെ വിലയിൽ കാര്യമായ വിലവർദ്ധനവ് സംസ്ഥാനത്തുണ്ടായിട്ടില്ല. മില്ലുകളിൽ നിന്നും പഞ്ചസാരയുടെ ലഭ്യത കുറഞ്ഞതാണ് പഞ്ചസാരയുടെ വില വർദ്ധനവുണ്ടായതിന്റെ കാരണം.

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിലൂടെ അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ വിതരണം ചെയ്തുവരുന്നു. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ 866 മാവേലി സ്റ്റോറുകൾ, 154 ലാഭം മാർക്കറ്റുകൾ, 10 സൂപ്പർ മാർക്കറ്റുകൾ, 20 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ വിപണന കേന്ദ്രങ്ങളിലൂടെ പൊതുകമ്പോളത്തിലെ വിലയേക്കാൾ 10 ശതമാനം മുതൽ 15 ശതമാനംവരെ വില കുറച്ച് ഗുണമേന്മ ഉറപ്പുവരുത്തി അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ഇതു കൂടാതെ തിരഞ്ഞെടുക്കപ്പെട്ട 1400-ഓളം റേഷൻ കടകളിലൂടെ സിവിൽസപ്ലൈസ് കോർപ്പറേഷൻ നൽകുന്ന സാധനങ്ങൾ ഗ്രാമാന്തരങ്ങളിൽ എത്തിച്ച് ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly